# മുക്കുററിപ്പൂവ്



/245
THO

ഡീക്കൻ ആൽബർട്ട് തോമസ്

# മുക്കൂററിപ്പൂവ്

ഡീക്കൻ ആൽബർട്ട് തോമസ്

DHARMARAM COLLEGE
LIBRARY
BANGALORE-29

ACHARYA PALACKAL JEEVASS KENDRA
LIBRARY
15503

# മുക്കുററിപ്പൂവ്

(കവിതാസമാഹാരം)

ഡീക്കൻ ആൽബർട്ട് തോമസ് സി. എം. ഐ.

Dharmaram College Library
Acc. No. 96764
Call. No. T61/T36

M/245
THO

| | | |
|---|---|---|
| Language | — | Malayalam (Indian) |
| Title | — | Mukkuttipoovu |
| Author | — | Deacon Albert Thomas CMI |
| Publisher | — | Secretary for Communications<br>C. K. M. Karukutty, |
| Printing | — | Little Flower Press, Thevara |

(For Private Circulation)

# സമർപ്പണം

എന്റെ
ജ്യേഷ്ഠസഹോദരൻ
ബഹു. ജെറമിയാസച്ചന്റെ
പാവനസ്മരണയ്ക്കു്

# പ്രസാധകക്കുറിപ്പ്

'ആൽബെർട്ടൈൻ കവിതകൾ' ഓരോന്നും ഓരോ ഇതിഹാസമാണ്. മൗനത്തിൽനിന്നും മനനം ചെയ്തെടുത്ത പ്രണവസ്വരൂപം. പദങ്ങൾക്ക് പദാതീതമായ ധ്വനിവിശേഷം നൽകുന്ന ഈ കവിതകൾ ദ്രാവിഡത്തനിമയുടെ ശക്തിയാണ്.

ഏറെക്കാലമായി ഇവ സമാഹരിച്ച് പ്രസിദ്ധീകരിക്കണം എന്നു ചിന്തിക്കാൻ തുടങ്ങിയിട്ട്. ഇന്ന് ഈ സ്വപ്നം സാക്ഷാത്കൃതമാകുന്നു. കവിക്ക് ആശംസകളർപ്പിക്കുന്നതോടൊപ്പം ചന്തം ചിന്തുന്ന ഈ ശീലുകൾ ഇനി ആസ്വാദകരുടെ സ്വന്തമാകട്ടെയെന്ന് ആഗ്രഹിക്കുന്നു.

നവംബർ 6, 1998

# മുഖവുര

ഞാൻ കണ്ടതും കേട്ടതുമായ കാര്യങ്ങൾ കവിതാരൂപത്തിൽ വെളിച്ചം കാണുകയാണിവിടെ. ഇവ പല അവസരങ്ങളിലായി എഴുതിയവയാണ്. അവയെല്ലാം ചേർത്ത് ഇപ്രകാരമൊരു പുസ്തകമാക്കാൻ പ്രചോദനം നൽകിയത് ബഹു. വർഗ്ഗീസ് മാണിക്കനാംപറമ്പിലച്ചനാണ്. അദ്ദേഹത്തോടുള്ള എന്റെ നന്ദിയും കടപ്പാടും ഇവിടെ അറിയിക്കുന്നു.

കറുകുററി ആശ്രമത്തിന്റെ റെക്ടർ, ബഹു. ജോസ് കോളതറയച്ചനും, അച്ചന്മാരും, ബ്ര. ഇഗ്നേഷ്യസും, നവസന്ന്യാസികളും പ്രത്യേകിച്ച് എന്റെ സുഹൃത്ത് ഡോ. പോൾ മാമ്പിള്ളിയും ഇത്തരമൊരു പുസ്തകപ്രസാധനത്തിന്റെ ആവശ്യം പലപ്പോഴായി എന്നോട് സൂചിപ്പിച്ചു. അവരുടെയൊക്കെ പ്രോൽസാഹനത്തിനും സ്നേഹത്തിനും ഇത്തരുണം നന്ദി പറയുന്നു.

ഈ ഉദ്യമത്തിന് നിറഞ്ഞ ഹൃദയത്തോടെ ആശംസകൾ എഴുതിയ എല്ലാവർക്കും, അവതാരികയാൽ ഇതിനെ ധന്യമാക്കിയ സ്വാമി പുരാനന്ദ അവർകൾക്കും ഞാൻ നന്ദി രേഖപ്പെടുത്തുന്നു.

ഞാൻ അവതരിപ്പിക്കുന്ന കവിതകളും പാട്ടുകളും സൽചിന്തകൾക്കും സൽമാതൃകകൾക്കും, സൽപഠനത്തിനും കാരണമാകട്ടെ എന്ന പ്രാർത്ഥനയോടെയും, പ്രത്യാശയോടെയും എന്റെയീശീലുകൾ യേശുവിന്റെ പാദാന്തികത്തിൽ, പരിശുദ്ധ അമ്മവഴി സമർപ്പിച്ചുകൊണ്ട്,

നവംബർ 1, 1998<br>
സകല വിശുദ്ധരുടെയും<br>
തിരുനാൾദിനം

ഡീക്കൻ ആൽബർട്ട് തോമസ്<br>
ക്രിസ്തുരാജാശ്രമം,<br>
കറുകുററി – 683576

ACHARYA PALACKAL JEEVAS... LIBRARY

# ആശംസകൾ

## ചെരാതിൻെറ വെളിച്ചം

ഹാലെജൻ ബൾബുകളും, ഫ്ളൂറസെൻറ് ബൾബുകളും ഉജ്ജ്വലപ്രകാശം തരുമ്പോൾ ചെരാതിൻെറ വെളിച്ചവും തെളിച്ചവും അപ്രസക്തമെന്നു തോന്നിയേക്കാം. എന്നാൽ തൻെറ ഈശ്വരാനുഭവം അതു് അനേകായിരം ലൈററുകൾക്കിടയിലും വ്യതിരിക്തമാണ്. ഇവിടെ, ഡീക്കൻ ആൽബർട്ട് 'മുക്കുററിപ്പൂവി'ലൂടെ തെളിയിക്കുന്നതു് അതാണ്. ഈ ചെരാതിൻെറ വെളിച്ചം ഇതു് വായിക്കുന്നവരുടെ നയനങ്ങൾക്കു് തെളിച്ചമേകട്ടെയെന്നു് ആശംസിക്കുന്നു.

ഫാ. ജോസ് വർഗ്ഗീസ് കോളുതറ CMI
റെക്ടർ,
ക്രിസ്തുരാജ നവസന്ന്യാസാശ്രമം,
കറുകുററി

ഡീക്കൻ ആൽബെർട്ട് തോമസ് തൻെറ കവിതകളും ശീലുകളും പുസ്തകരൂപത്തിലാക്കുന്നു എന്നറിഞ്ഞു. ഏറെ സന്തോഷം തോന്നി. സഹോദരൻെറ തൂലിക ഇനിയും ചലിക്കട്ടെ, ധാരാളം കവിതകൾ എഴുതാൻ ഈശ്വരൻ അനുഗ്രഹിക്കട്ടെ.

ബ്ര. ഇഗ്നേഷ്യസ് CMI

മനോഹരമായ പ്രതിമ ഒരു ശിലയിൽനിന്നു കൊത്തിയെടുക്കുന്നപോലെ, തമിഴും മലയാളവും ഇടകലർന്നു് ഈ കവിതാസമാഹാരം സുന്ദരമായിരിക്കുന്നു.

ഫാ. ജോസഫ് മാടശ്ശേരി CMI
അഡ്മിനിസ്ട്രേററർ

സിങ്കാരത്തോപ്പിൽനിന്നു കുരിശിൻചുവട്ടിലേക്കുള്ള പ്രയാണം ആത്മീയാനുഭൂതി പകർന്നു നൽകുന്നു.

ഫാ. ഫൗസ്റ്റിൻ കാഞ്ഞിരക്കൊമ്പിൽ CMI

വലിയൊരു പൂന്തോട്ടത്തിൽ ഒരു മുക്കുററിപ്പൂവിൻെറ സൗന്ദര്യം ആസ്വദിക്കണമെങ്കിൽ വലിയ ചെടികൾക്കുകീഴെ തല ഉയർത്തി ചിരിച്ചുകൊണ്ടു നിൽക്കുന്ന മുക്കുററിയെ കാണാൻമാത്രം വിശാലമായ നേത്രങ്ങൾ ഉണ്ടാകണം. ഗ്രന്ഥകർത്താവിനു് ആയുസ്സും ആശംസകളും.

ഡോ. പോൾ മാമ്പിള്ളി

# അവതാരിക

## മുക്കുററിപ്പൂവിൻെറ മുഗ്ദ്ധത

കവിതയുടെ വേരുകഠം തേടിയിറങ്ങിയവർ അതതു ഭാഷകളിലെ പഴമൊഴികളിൽ, നാടൻ പാട്ടുകളിൽ ഒക്കെ അതിൻെറ ആദിരൂപം കണ്ടെത്തിയിട്ടുണ്ട്. ജനതയുടെ ജീവിതാനുഭവം ആററിക്കുറുക്കിയെടുത്തവയാണീ കവിതകഠം.

ക്രൈസ്തവ സങ്കല്പത്തിൽ ആദിലോകം സന്തോഷം നിറഞ്ഞതായിരുന്നു. അല്ലലോ അലച്ചിലോ ഇല്ലാത്ത ഒരു ലോകം. അത്തരമൊരു അവസ്ഥയിലാണ് ''ആദിമാതാപിതാക്കഠം ചെയ്ത പാപം ഹേതുവായ് വന്ത താപം'' എന്നു് കവി വിലപിക്കുന്നതു്. ഈ താപത്തെ തച്ചുടയ്ക്കാനാണ് ക്രിസ്തുദേവൻ കുരിശിൽ സ്വന്തം ദേഹിയെ ബലിചെയ്തതു്. ആദിപാപത്തിൻെറ തുടർച്ച, വീഴ്ചകളുടേയും പതനങ്ങളുടേയും കദനകഥനങ്ങളാണ്. 'പൊട്ടിത്തകർന്നു കപ്പൽ പെട്ടെന്നങ്ങ് മുങ്ങാറായി' എന്നു് പാടുമ്പോഠം അഹങ്കാരത്താൽ അധഃപതിച്ച മർത്ത്യജീവിതങ്ങഠം ആഴക്കടലിൽ താഴുന്നതിൻെറ അനുഭവം വായനക്കാരനും ഉണ്ടാകുന്നു.

''അഗ്രേ വഹ്നി: പൃഷ്ഠേഭാനുഃ
രാത്രൗ ചിബുക സമർപ്പിത ജാനുഃ
കരതല ഭിക്ഷസ്തരുതലവാസ–
സ്തദപി ന മുഞ്ചത്യാശാ പാശ:

—ശങ്കരാചാര്യർ

മുൻഭാഗത്തു തീയ്, പിൻഭാഗത്തു് സൂര്യപ്രകാശം, രാത്രിയിൽ കാൽമുട്ടുകഠംക്കിടയിൽ താടിചേർത്തുവച്ചുള്ള കിടപ്പ്, കൈയിൽ ഭിക്ഷ, മരച്ചുവട്ടിൽ താമസം—അവനേയും ആശാബന്ധനം വിട്ടുമാറുന്നില്ല. മർത്ത്യൻെറ ആശാപാശങ്ങളിൽനി

ന്നും അവന്നു മുക്തിനൽകാൻ ഒരു അവതാരം ആവശ്യമായിവരുന്നു. സകലതും പരിത്യജിച്ച യോഗികളും ഭോഗത്തിൽനിന്നും പൂർണ്ണവിമുക്തി നേടിയിട്ടില്ല. ഭോഗിയെ യോഗിയാക്കുന്നതിനു് അവതരിച്ച യേശുഭഗവാനു് സ്വാഗതവും താലോലവും പാടുന്നവയാണു് അടുത്ത കവിതകൾ. യോഗികളിൽ യോഗീവര്യനായിട്ടാണു് ക്രിസ്തു ജന്മംകൊള്ളുക.

"ആരും വീടു് കൊടുത്തില്ല......
......ആലയിൽ വന്നു വസിക്കുന്നു"

എന്ന ഭാഗം ദൃഷ്ടാന്തം.

കഃ പൈതാ മഹ ഗോളകേഷു സകലൈ - സ്സമാനിതോ ദൃശ്യതേ? —ഈ ബ്രഹ്മാണ്ഡങ്ങളിൽ ആരാണു് എല്ലാവരാലും മാനിക്കപ്പെടുന്നവനായുള്ളതു്? രക്ഷകനെപ്പോലും മരണശിക്ഷയ്ക്കു് വിധിച്ചവരുടെ ക്രൂരതകളെ വിവരിക്കുമ്പോൾ, ക്രൈസ്തവ സഹോദരങ്ങളും പിന്തുടരേണ്ട മാർഗ്ഗത്തിൽ അവരെ ആരും തുണച്ചില്ലെങ്കിലും, അവർ ആരാലും മാനിക്കപ്പെട്ടില്ലെങ്കിലും അവർക്കും മാതൃകയാകേണ്ടതു് ക്രിസ്തുദേവനാണു് എന്നു് ഭംഗ്യന്തരരൂപേണ കവി പറഞ്ഞുവയ്ക്കുന്നു.

"ഗുരുപത്നീ രാജപത്നീ
ജ്യേഷ്ഠപത്നീ തഥൈവച
ഭാര്യാമാതാ സ്വമാതാച
പഞ്ചൈതേ മാതരസ്മൃതാഃ"

എന്ന ശ്ലോകത്തിനു് ഒരു ഭേദംകൂടി വരുത്തുവാൻ ഞാൻ പ്രേരിതനായി, തുടർന്നുവരുന്ന കവിതകൾ വായിച്ചപ്പോൾ. 'ഗുരുമാതാ മാതരസ്മൃതാ' — ഗുരുവിൻെറ അമ്മയും അമ്മയുടെ സ്ഥാനത്തു നിർത്തി ആദരിക്കപ്പെടേണ്ടവൾതന്നെ.

മാതൃപൂജയിൽ തപംചെയ്ത കവിയുടെ തൂലിക ആവിലായിലെ ത്രേസ്യ, കൊച്ചുത്രേസ്യാ എന്നിവരിലേക്കു് നീങ്ങുന്നു. അവരെക്കുറിച്ചു് ഒന്നുംതന്നെ അറിവില്ലാത്തതിനാൽ ഒരു റിമാർക്കെഴുതാൻ ഞാൻ അശക്തനാണു്.

'ജനന മരണ സ്മരണകൾ, എന്ന ഈ സമാഹാരത്തിലെ അവസാനത്തെ കവിത, കവിയുടെ ദർശനത്തിൻെറ ഉത്തുംഗ

ശൈലമാണ്. ദൈനംദിനം നാം കാണുന്ന അപകടങ്ങും ദാരുണമരണങ്ങളും നമ്മുടെ മിഴികൾ തുറപ്പിക്കേണ്ടതാണ്. എന്നാൽ അവ നമ്മെ അന്ധകാരത്തിന്റെ ഇടനാഴിയിലേക്ക് വലിച്ചിഴയ്ക്കുന്നു. ഈ ഇരുളിലാണ് 'ചെരാതിന്റെ വെളിച്ച' ത്തിന് വിലയുണ്ടാകുന്നത്. അവിടെയാണ് ദശപുഷ്പങ്ങളിൽ ചെറുതായ മുക്കുററിപ്പൂവിന് സൗന്ദര്യമുണ്ടാകുന്നത്.

സംസാര വിഷവൃക്ഷസ്യ
ദ്വേ ഏവ രസമത് ഫലേ
കാവ്യാമൃത രസാസ്വാദ ഃ
സംഗജസ്സുജനൈസ്സഹ.''
ഓം ശാന്തി

**സ്വാമി പുരാനന്ദ**

*　　*　　*　　*

## 1. സ്ലീലുവൈ

(മനുമക്കളെ രക്ഷിത്ത് മോക്ഷപേരിമ്പ പാക്കിയം തരുവതർക്കാക കാൽവരിമലൈയിൽ സ്ലീലുവൈയിൽ അറൈയുണ്ട യേശുനാഥൻ)

സ്ലീലുവൈയിതേ, സ്ലീലുവൈയിതേ
ഉലകിൻ പാപം ഒഴിയാൻ
ഉലകേശൻ ഉയിർവിട്ട
സ്ലീലുവൈയിതേ, സ്ലീലുവൈയിതേ
ആദാമും, ഏവാളുമാം
ആദിമാതാപിതാക്കൾ
ആദിയിൽ ചെയ്ത പാപം
ഹേതുവായ് വന്ത താപം
സ്ലീലുവൈയിതേ, സ്ലീലുവൈയിതേ.

## 2. ടൈററാനിക്

(ടൈററാനിക് കപ്പലിൻെറ അധഃപതനം, അഹങ്കാരം, അനുസരണമില്ലായ്മ)

ആഹായെൻ ജഗദീശാ, അൻപുനിറഞ്ഞ നഥാ
ഇമ്പം നിറഞ്ഞ പാദം നമ്പിടുന്നേൻ കുമ്പിടുന്നേൻ
കുറെയേറെ കാലം മുമ്പേ യൂറോപ്പ് രാജ്യമതിൽ
രണ്ടാം നമ്പ്രായി പണിതീർത്ത ടൈററാനിക് കപ്പൽ
ആഫ്രിക്കാ തുറമുഖത്തിൽ അതിശയമായ കപ്പൽ
എന്തോരതിശയമേ കപ്പലിൻെറ ഓട്ടം കണ്ടാൽ
തന്നെപ്പോൽ ആരുമില്ലെന്നുള്ള ഭാവം നടിച്ച കപ്പിത്താൻ
മൂന്നാം ദിവസം കപ്പൽ മദ്ധ്യധരണിയിലെത്തി
രാത്രിസമയം പതിനൊന്നു മണി നേരമതിൽ
പെട്ടെന്നോരയ്സ്ബർഗ്ഗ മുട്ടിയെന്ന കാരണത്തിൽ

പൊട്ടിത്തകർന്നു കപ്പൽ പെട്ടെന്നങ്ങ് മുങ്ങാറായി
കപ്പിത്താനോടിച്ചെന്ന് ബോട്ടുരണ്ടും ഇറക്കിവിട്ടു
പൈതങ്ങളും സ്ത്രീകളുമായ് എഴുനൂറോളം ബോട്ടിലേറി
എണ്ണൂറ് പുരുഷന്മാരും കപ്പലോടെ മുങ്ങുന്നയ്യോ
ബോട്ടിലേറി ഇരിക്കും ജനം കൂട്ടത്തോടെ നിലവിളിച്ചു
കരയുന്നയ്യോ
ആഹായെൻ ജഗദീശാ, അൻപുനിറഞ്ഞ നാഥാ
ഇമ്പം നിറഞ്ഞ പാദം നമ്പിടുന്നേൻ കുമ്പിടുന്നേൻ.

## 3. താലോലം

(അധഃപതിച്ച മനുഷ്യവർഗ്ഗത്തെ പുനരുദ്ധരിച്ച് സ്വർഗ്ഗസൗഭാഗ്യം പ്രദാനം ചെയ്യുന്നതിന് കാലിത്തൊഴുത്തിൽ അവതീർണ്ണനായ ഉണ്ണി നമ്മെ ഓരോരുത്തരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.)

പാടുക പാടുക താലോലം
പാരിൽ നാഥന് സാമോദം
സഹോദരങ്ങളേ,
പാടുക പാടുക താലോലം
പാരിൽ നാഥന് സാമോദം
നമ്മളെയെല്ലാം പാലിക്കും
നല്ലവനാകും സർവ്വേശൻ
കന്യക തന്നുടെ മകനായി
മന്നിൽ ജനിക്കാൻ മനസ്സായി
പാടുക പാടുക......

ആരും വീട് കൊടുത്തില്ല
പാരിൽ നാഥന് ബെസ്ലേമിൽ
ആയതുമൂലം കാലിതൻ
ആലയിൽ വന്നു വസിക്കുന്നു
പാടുക പാടുക......

സകലേശൻ താനിപ്പോഴം
ശകലം തുണിയിൽ വൈക്കോലിൽ

കാററും കുളിരും തളിർമെയ്യിൽ
ഏററുംകൊണ്ടു് കിടക്കുന്നു
ഞങ്ങരം വീടു് തരാം പൊന്നുണ്ണീ
ഞങ്ങളിൽ വന്നു വസിക്കു നീ.
പാടുക പാടുക......

ഉണ്ണി പിറന്നൊരു സുവിശേഷം
വിണ്ണിൽ നിന്നൊരു മാലാഖ
ഇടയന്മാരെ അറിയിച്ചു
വേഗം പോയവർ വന്ദിച്ചു
കന്യക തന്നുടെ മകനായി
മന്നിൽ ജനിച്ചൊരു തിരുസുതനെ
പാടുക പാടുക......

## 4. പുൽക്കൂട്ടിലെ പൊന്നുണ്ണി

താരാട്ടു് കുഞ്ഞിനു പാടാം നല്ല താലോലം
രോരോരം, രോരോരം പാടാം
ഉണ്ണി വരുന്നുണ്ടു് ഞങ്ങരം നിന്നെക്കാണാൻ
വരുന്നുണ്ടു് നിത്യം

ആയിര രാരീര, രാരോ രാരീ
രാരീര, രാരീര രാരോ
ഉണ്ണിപ്പൂക്കരം തരാം നിനക്കു്
മാലകരം ചാർത്താം നിനക്കു്
ചുംബനം നൽകാം നിനക്കു്
പാട്ടുകരം പാടാം നിനക്കു്
ആയിര രാരീര......

ഉണ്ണി മനസ്സു് തരാം നിനക്കു്
ഹൃദയം തരാം നിനക്കു്
ഞങ്ങളിൽ വന്നു വസിക്കു പൊന്നുണ്ണീ
ഞങ്ങളെ ആശീർവ്വദിക്കു.
ആയിര രാരീര......

## 5. യേശുവിൻെറ ക്രൂശിൻകീഴിൽ അണിനിരക്കുവിൻ

(രാഗം: അയ്യാ പെൺ)

സോദരികഠം സോദരരേ
നിങ്ങഠം വേഗം വരുവിൻ, യേശുവിൻ
ക്രൂശിൻ കീഴിൽ അണിനിരക്കുവിൻ
ധീരസമരം ചെയ്യുവിൻ
ലോകം ജഡം സാത്താനെന്നീ
വൈരികഠം സദാ പൊരുതിടുന്നു
തളർത്തിടാതെ നാശം ചെയ്യാൻ
നിത്യം ജാഗരൂകരായി നിങ്ങഠം
പൊരുതി നിൽക്കുവിൻ
സ്വർഗ്ഗരാജ്യം നേടുവാൻ
വിനയം ധർമ്മം ത്യാഗം സ്നേഹം
സേവനമാദി പാവനായുധങ്ങളേന്തി
സമരം ചെയ്യുവിൻ സോദരരേ
ഭീതിവേണ്ടാ സാദ്ധ്യമാണ് വിജയം നിങ്ങഠംക്ക്
ശത്രുവിനെ യേശുനാഥൻ ജയിച്ചുവെന്നോർക്കാ
ക്രൂശുമേന്തി നാഥനിതാ പോകുന്നു മുമ്പിൽ
നിങ്ങഠം ക്ലേശങ്ങളും നിന്ദകളും ഗണ്യമാക്കാതെ
നാഥനീശോയുടെ പാദങ്ങളെ
അനുഗമിക്കുവിൻ അങ്ങെ അനുകരിക്കുവിൻ
യേശുവിൻെറ ക്രൂശിൻ കീഴിൽ
അണിനിരക്കുവിൻ ധീരസമരം ചെയ്യുവിൻ

## 6. നം യേശുനാതരുടൈയ തിരുക്കായങ്കൾ

ആണ്ടവരെ ഉന്തൻ അഴകാന കന്നത്തിൽ
കൈകുളാൽ അറൈന്തതാരു്
പൊല്ലാതയൂദർകഠം ചെയ്ത കൊടും പകൈയേ
ആണ്ടവരെ ഉന്നൈ ചമ്മട്ടിയാൽ അടിച്ചതാരു്
പൊല്ലാത നാങ്കഠം ചെയ്ത കൊടും പകൈയേ
ആണ്ടവരെ ഉന്തൻ അഴകാന ശിരസ്സിൽ മുഠംമുടി ചൂട്ട്യതാരു്

പൊല്ലാത യൂദർകൾ തൻ ചെയ്ത കൊടും പകൈയേ
ആണ്ടവരെ ഉന്തൻ അഴകാന കൈകളിൽ—
ആണിയാൽ അറൈന്തതാരു്
പൊല്ലാതെ നാങ്കൾ ചെയ്ത കൊടും പകൈയേ
ആണ്ടവരെ ഉന്തൻ അഴകാന കാൽകളിൽ—
ആണിയാൽ അറൈന്തതാരു്
പൊല്ലാതെ യൂദർകൾ ചെയ്ത കൊടും പകൈയേ
ആണ്ടവരെ ഉന്നൈ ശിലുവൈയിൽ അറൈന്തതാരു്
പൊല്ലാതെ നാങ്കൾ ചെയ്ത കൊടും പകൈയേ
ആണ്ടവരെ ഉന്തൻ അഴകാന വിലാവിൽ ഈട്ടിയാൽ
കുത്തിയതാരു്

പൊല്ലാതെ യൂദർകൾ ചെയ്ത കൊടും പകൈയേ
എന്നൈ കാത്തരുളും ഇറൈവാ, ഇറൈവാ
എന്നൈ കാപ്പാററും ഇറൈവാ ഇറൈവാ
എന്നൈ രക്ഷിത്തരുളും ഇറൈവാ ഇറൈവാ
ഇറൈവാ ഇറൈവാ ഇറൈവാ
എന്നാളും എന്നാളും എന്നാളും.

## 7. ഉത്ഥിതനായ യേശുക്രിസ്തു

(രാഗം: കഴത്തിൽ വിഴന്ത മാലൈ)

അല്ലേലൂയ്യ പാടുവിൻ പ്രിയമേറും സോദരെ
ഉല്ലാസമോടെ യേശുവിനെ പാടി സ്തുതിപ്പിൻ......
നരകുലമതിനുടെ ദുരിതം തീർക്കുവാനായി
നരതലമതിൽ വന്ന ക്രിസ്തുനാഥനെ
നരകത്തെ ജയിച്ചോരു് പരമപുത്രൻ സദാ
മരണത്തിൽനിന്നുയിർത്തു് ജയംകൊള്ളുന്നോൻ
അല്ലേലൂയ്യ പാടുവിൻ പ്രിയമേറും സോദരെ
ഉല്ലാസമോടെ യേശുവിനെ പാടി സ്തുതിപ്പിൻ......

## 8. പരിശുദ്ധ കർമ്മല നാഥ, നമ്മുടെ അമ്മ

കർമ്മെല സഭയ്ക്കലങ്കാരമുത്തേ
നമ്മുടെ സഭയ്ക്കലങ്കാരമുത്തേ
നിർമ്മല കോമള സൽഗുണവിത്തേ
പൂജരാജാക്കന്മാർ പൂജിച്ച മുത്തേ
അമ്പരനിമ്പമായി അമ്പിളിയാകുന്ന
മേരി അംബികെ മംഗളം മമ......
ഉത്തമ ഭർത്താവ് ജോസഫ് കൂടി
പുത്രൻെറ രക്ഷക്കൊരാശ്രയം തേടി
സത്വരം ഈജിപ്ത് ദേശത്തിലോടി
കൊടും പാപിയാം ഹേറോദേസിൻ
കുലവാളിനെ ഒഴിവാക്കിയ
മേരി അംബികെ മംഗളം മമ......
പുത്രനെ കാണാതെ ദുഃഖാൽ വലഞ്ഞു
ജെരുസലേം പട്ടണം ആകെ തെരഞ്ഞു
യഹൂദ വൈദിക സംഘത്തിൽ ചെന്നു
ഗുരുവാകിയ ശിശുവാകിയ തിരുബാലനെ
കണ്ടെത്തിയ
മേരി അംബികെ മംഗളം മമ......

## 9. സ്വർഗ്ഗീയ റാണി

വെണ്താർമണിയെ മോഹിനിയെ അനുപമ നാഥേ
അൻപോടിവരെ കാത്തിടണേ മംഗളശീലേ
അതിമഞ്ജുള നാഥേ......
കാണുന്നില്ലേ ലോകമിതാ ദാരുണമായി
പടുപാപകുണ്ടിൽ വീണിടുന്നു ഭീകരമായി
കരുണാനിധിയേ തേടിടുന്നു നിൻ ആത്മജർ ഞങ്ങൾ
തവ പാണി പത്മങ്ങൾ ഞങ്ങൾ
വെണ്താർമണിയേ......

കഞ്ചാവ്, മയക്കമരുന്നു്, മദ്യം, ഈശനിഷേധം
ഇവ ഭീകരമായി ലോകമെങ്ങും വാണിടുന്നയ്യോ
അൻപോടിവർക്കിന്നാശ്രയം ഏകമാതാവേ
മ മ സ്നേഹമാതാവേ......
വെന്താർമണിയേ......

സുന്ദരമാം അമ്മേ നിൻെറ നിർമ്മല നാമം
പുരുശോഭനമായി ലാലസിക്കും മേരിതൻ നാമം
അതിമോദമോടെ ഞാനരുളും
മേരിമാതാവേ മ മ സ്നേഹമാതാവേ......
വെന്താർമണിയേ......

## 10. അന്നൈ വേളാങ്കണ്ണി (ആരോഗ്യമാതാ)

(രാഗം: നീലക്കടലിൽ)

ഇയർക്കൈ ചിന്തും എളിലാകെ
കുളർമൈ നിറൈന്ത കടതകൈ
അമർന്ത മേരി തായായെ
മാനിട വാഴ്കൈ ചെഴിപ്പാക
ഇയർകൈ ചിന്തും......

കടലിൽ ചെല്ലും പടവുകളും
കണക്കില്ലാത കൂട്ടങ്കളും
വാവൻെറഴക്കും കടലലയും
വരുന്തി തുടിക്കും, ഉള്ളങ്കളും
ഇയർകൈ ചിന്തും......

കാലകതിരവൻ ഒളിയാകെ
കൺകളിൽ തെരിയും വഴിയാകെ
കോപുരം നിൽക്കും അഴകാകെ
കുമ്പിടും തായെ വരമാകെ
ഇയർകൈ ചിന്തും......

കൺതെരിയാത കുരുർടർകളും
കാലില്ലാത മുടവർകളും
വായ്തിറവൊത മഴലൈകളും
മനതിൽ മറവാകാഴ്ച്ചികളും
ഇയർകൈ ചിന്തും......

## 11. ഭാരത അപ്പസ്തോലനായ വി. തോമ്മാശ്ലീഹ

രക്ഷകന് ഇഷ്ടമായൊരു
തുഷ്ടിയോടുകൂടി ഇന്ത്യയെ
രക്ഷചെയ്‌വതിന്
വന്നൊരു തോമായെ തവ മംഗളം
അക്ഷയത്തൊട്ട് നീ വിതച്ച ഭൂമിയാം മലബാറിനെ
തുഷ്ടിയോടെ കാക്കണേ തോമായെ തവ മംഗളം
പോക, പോക, നമുക്ക് നമ്മുടെ നാഥനുടൻ
ചാകുവാൻ വിധിയെങ്കിലോ
മടിവേണ്ടതിന്നു് നമുക്കഹോ......

## 12. മുത്തിപേർപെററ അൽഫോൻസമ്മാൾ

നീലൈയിലാ ഇമ്പം വേണ്ടേൻ
നീലൈത്തിടൈ എതൈയും വേണ്ടേൻ
നലമെലാം നൽകും
ഏകനാഥനക്ക്‌രിമൈ നാനോ
എൻപത് അന്നക്കുട്ടിയിൽ അചൈയാത
അൻപുനിലൈ

## 13. സ്ത്രീകളിൽ സോളമൻ നീയേ

(ഈ ലോകമാകുന്ന സന്താപ, സന്തോഷ സാഗരത്തിൽ യേശുവിനെപ്രതി, യേശുവിനുവേണ്ടി, ധീരസമരം ചെയ്ത വിജയം വരിച്ച അമ്മത്രേസ്യ)

കർമ്മെലക്കമ്മേയേ, ധന്യയായ കന്യകേ
ഓ ത്രേസ്യാമ്മേ, കർമ്മെലസഭാലങ്കാരമേ
പാഹിമാം പാവനേ, പാഹിമാം പാവനേ
പാട്പീഡ, മരണം രണ്ടിലൊന്നഹോ
തേടുവാൻ ആർത്തിയായ് കാത്തിരുന്ന ധന്യയേ
ഓ ത്രേസ്യാമ്മ, കർമ്മെല സഭാലങ്കാരമേ

പാഹിമാം പാവനേ, പാഹിമാം പാവനേ
യേശുവിൻ വൽസലേ കർമ്മെലറാണിയേ
മംഗളം, മംഗളം, മംഗളം
വന്ദനം, വന്ദനം, വന്ദനം
ത്യാഗത്തിൻ മാതൃകേ, ജ്ഞാനത്തിൻ രാജ്ഞിയേ
മംഗളം, മംഗളം, മംഗളം
തിരുസ്സഭയിൻ പുത്രിയേ, മോക്ഷത്തിൻ താരമേ
മംഗളം, മംഗളം, മംഗളം
വന്ദനം, വന്ദനം, വന്ദനം

*  *  *  *

"ചെറിയ ക്രമക്കേടുകൾ വലിയ ക്രമക്കേടുകൾക്ക് വാതിൽ തുറക്കുന്നു."  (വി. അമ്മത്രേസ്യ)

## 14. അലൻസോണിലെ കൊച്ചുറാണി

(ലിസ്യൂവിലെ ചെറുപുഷ്പം, ഉണ്ണീശോയുടെ കളിപ്പന്ത്, സ്വർഗ്ഗത്തിലേക്കുള്ള കുറുക്കുവഴി, പ്രേഷിതറാണി, വേദപാരംഗത. ഉണ്ണീശോയും വി. കൊച്ചുത്രേസ്യായും തമ്മിൽ ഒരു സ്നേഹ സംഭാഷണം.)

ഉണ്ണീശോ: ഓമനപ്പുത്രീ നീ ആരാമവാതിൽക്കൽ
ആരെ പ്രതീക്ഷിച്ച് കാത്തുനില്പൂ?

ത്രേസ്യാ : ഞാനതു ചൊല്ലണോ, നീയറിയുന്നില്ലേ മററാരേ
നോക്കി ഞാൻ കാത്തുനിൽക്കും.

ഉണ്ണീശോ: ചൊല്ലുക കൺമണീ, കേൾക്കാൻ കൊതിപ്പൂ
ഞാൻ, സ്നേഹത്തിൻ വാക്കുകൾ ഹൃദ്യമല്ലേ.

ത്രേസ്യാ : എങ്കിൽ ഞാൻ ചൊല്ലിടാം നാഥാ ധരിക്ക നീ
നിന്നെ പ്രതീക്ഷിച്ച് നിൻെറ ത്രേസ്യ.

ഉണ്ണീശോ : ത്രേസ്യാ നീയിപ്പോഴും കുട്ടിക്കളിക്കാരി
പ്രായമൊട്ടായതും നീ മറന്നോ.

ത്രേസ്യാ : എന്തിനു നാഥാ നീ വീണ്ടും പൈതലായി
ത്തീരുവാൻ ചൊന്നതും നീ മറന്നോ.

ഉണ്ണീശോ : ആകട്ടെ ബാലികേ, ഏകാന്തദേശത്തിലെന്തുണ്ട്
ചൊല്ലുവാൻ ഗോപ്യമായി?

ത്രേസ്യാ : നാഥാ, എനിക്കൊരു വിഭ്രാന്തി വന്നപ്പോൾ
നിൻെറ നിലവിളി കേട്ട ഞാനും.

ഉണ്ണീശോ : ചൊല്ലു കുമാരി നീ, എന്തോന്നു കേട്ടു,
വേഗം പറഞ്ഞിടു കാര്യമെന്തു്?

ത്രേസ്യാ : പണ്ടൊരാരാമത്തിൽ രക്തം വിയർത്തു നീ
ഭീതനായി കേണില്ലേ ആരു് താങ്ങും?

ഉണ്ണീശോ: ത്രേസ്യാ നീ എന്തിനു സാഹസം കാട്ടുന്നു
ക്രൂരമാം ക്രൂശു നീ താങ്ങുമെന്നോ?
വൽസേ നീയൊരു പാപവും ചെയ്തില്ല
ക്രൂശു നിനക്കൊരു ഭാരമല്ലേ

ത്രേസ്യാ : സർവ്വം സഹിച്ചും ഞാൻ കൈകൾ
വിരിച്ചതിൽ ക്രൂശിതനാകുവാൻ വന്നതല്ലേ

## 15. ലിസ്യൂവിലെ നറുമണം തന്നുകൊണ്ടിരിക്കിറ ഒരു റോജാപ്പൂവ് കുഴന്തൈ യേശുവിൻ കുഴന്തൈ തെരേസമ്മാൾ

(രാഗം : നീലക്കടലിൻ ഓരത്തിൽ)

ദേവൻ തിരുവടി സന്നതിയിൽ
തിനചരി പൂമഴ പൊഴിക്കിൻെറ
കുഴന്തൈ തെരെസ്യ അമ്മാളെ
എങ്കൾക്കാക വേണ്ടിക്കൊള്ളും

ചിന്നച്ചിറിയ വയതിനിലേ
ചിരാന വാഴ്വൈ വൈത്ത്
ചെമ്മൈ പാതൈ വഴി നടന്ത്
യേശുവിൻ പാതയിൽ ചേർന്തവളാം
ദേവൻ തിരുവടി......

കന്നിമ വാഴ്കൈ മേൽകൊണ്ട്,
കടവുളൊൻറ് പോതുമെൻറ്
പൊറുമൈയെൻറും നകൈയണിന്ത്
പുണ്ണിയ വാഴ്വിൽ വാഴ്ന്തവളാം
ദേവൻ തിരുവടി......

പുവിയോർ പോററും പുതിതയവൾ,
പുതിത വാഴ്വുക്ക് വഴികാട്ടി
ആണ്ടവൻ തിരുവടി അടൈന്തീടവവേ
അൻപുടൻ തായേ, അരുൾ പുരുവീർ
ദേവൻ തിരുവടി......

ഒറുത്തൽ മുയൽച്ചികൾ പല ചെയ്ത
ഉൺമൈ കടവുളിൻ വഴിനടന്ത്
ദേവൻ വാഴ്വുക്ക് ഒൻറ് ചേരാ
തെരേസമ്മാളെ വേണ്ടിക്കൊൾവോം
ദേവൻ തിരുവടി......

## 16. ജനന മരണ സ്മരണകൾ

(രാഗം : ഓട്ടൻതുള്ളൽ)

(എല്ലായ്പ്പോഴം അന്തസ്സിന്റെ കടമ, ആദ്ധ്യാത്മിക കണക്ക്, ശരിപ്പെടുത്തി വയ്ക്കുന്നവർ ഇഹത്തിലും പരത്തിലും ഏററവും ഭാഗ്യവാന്മാർ)

ജനന നിയന്ത്രണ നിരതന്മാരെ
മരണംകൂടി നിയന്ത്രിക്കാമോ
നിരവധിയാണീ അപകടമരണം
ധരണിയിലതുനാം കാണുന്നില്ലേ ?

ഓട്ടോ സ്കൂട്ടർ കൂട്ടിയിടിച്ചും
ബസ്സുകൾ ലോറികൾ കൂട്ടിയിടിച്ചും
ബസ്സിൽ തട്ടി കാറുകൾ മറിഞ്ഞും
പാളം തെററിയ തീവണ്ടികളിൽ
പകിടമറിഞ്ഞും, പരഗതി ചേർന്നും
അഭിനയമവസാനിക്കുന്നവരും
വ്യാകുലമിനത്തിൽപ്പെട്ടവരല്ലേ?
പണ്ഡിത ശിരോമണികൾ, പാമരന്മാരും
കുബേര, കുചേല സോദരീ സോദരരും
തരുണിമണികൾ, യുവകേസരികൾ
ബാലകരും മൃതിയടയുന്നില്ലേ?
അനവധിയപകട മരണം ഭുവിൽ
ജനസംഖ്യക്കൊരുപരുമീ തീവാരുവാൻ
പ്രകൃതി വിധിച്ചൊരു വിധിയാണെന്നോ
ശരി; എന്നാലതിന് അപ്പീലില്ല
വേണ്ടി: മരണമിതാ വിധമെല്ലാം
വേണ്ടത് തന്നെയെന്നാണെങ്കിൽ
ജനനനിയന്ത്രണ ബദ്ധപ്പാടും
മരണം തടയാൻ കഴിവില്ലെങ്കിൽ
ജനനം തടയാൻ എന്തവകാശം.


ACHARYA PALACKAL JEEVA...
LIBRARY



ശാന്തിപ്രദവും
വർണ്ണോജ്ജ്വലവുമായ
ക്രിസ്മസിൻെറയും
ഐശ്വര്യസമ്പൂർണ്ണമായ
നവവത്സരത്തിൻെറയും
ആശംസകൾ!!

Dn, Albert Thomas. C.M.I

ഡീക്കൻ ആൽബർട്ട് തോമസ് CMI
ക്രിസ്തുരാജാശ്രമം,
കറുകുററി – 683576



ഡീക്കൻ ആൽബർട്ട് തോമസ് സി. എം. ഐ. ജനനം 15–6–1910 ൽ കൊരട്ടിയിൽ പ്ലാക്കൽ കുടുംബത്തിൽ വർഗീസ് എലിസബത്ത് മാതാപിതാക്കളുടെ ഒമ്പത് മക്കളിൽ അവസാനത്തെ മകൻ. പ്രാഥമിക വിദ്യാഭ്യാസം കൊരട്ടി സ്കൂളിൽ. സി. എം. ഐ. സഭയിൽ പ്രവേശിച്ച് 1933–ൽ പ്രഥമ വ്രതവാഗ്ദാനം നടത്തി. 1980 സെപ്റ്റംബർ 30ന് ഡീക്കൻ പട്ടം സ്വീകരിച്ചു. പരേതനായ ബഹു. ജെറമിയാസ് സി.എം.ഐ. സ്വന്തം ജ്യേഷ്ഠസഹോദരനാണ്. ഇപ്പോൾ കറുകുററി ആശ്രമത്തിൽ സേവനം ചെയ്തുവരുന്നു. പ്രധാന പ്രവർത്തന മേഖലകൾ: മണപ്പുറം, കൂനമ്മാവ്, മാന്നാനം, തേവര, മംഗലാപുരം, തിരുവനന്തപുരം, നീലീശ്വരം, വാഴക്കുളം, കൊട്ടവേലി, രാജഗിരി, ആലുവ, കൊരണ്ടക്കാട്, മദ്രാസ്. 'ഏഴൈത്തോഴൻ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ഡീക്കൻ ആൽബർട്ട്, ദീർഘകാലം കൊരണ്ടക്കാട് സേവനം ചെയ്തിട്ടുണ്ട്.